പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1971 — 18.06.2013-ൽ മറുപടിയ്ക്ക്

# കൂടംകുളം വൈദ്യുത നിലയത്തിൽ നിന്നുള്ള വിഹിതം

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും കേരളത്തിന്റെ വിഹിതം കൊണ്ടുവരാനുള്ള പ്രസരണ ലൈനുകൾ പൂർത്തിയാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഏതൊക്കെ ജില്ലകളിലൂടെയാണ് ലൈൻ വലിക്കേണ്ടിവരുന്നത്; നിലവിൽ അതിന് എന്താണു തടസ്സമായി നിൽക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ കൂടിയാണ് ലൈൻ വലിക്കുന്നത്. ഈ ജില്ലകളിൽ ലൈൻ റൂട്ടിലുള്ള കർഷകരുടെ എതിർപ്പു കാരണം ലൈൻ നിർമ്മാണം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (സി) കോട്ടയം, പത്തനംതിട്ട ജില്ലകളിലൂടെ പ്രസ്തുത ലൈൻ വലിക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത ജില്ലകളിലൂടെയുള്ള ലൈൻ വലിക്കുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | (സി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ ആകെയുള്ള 153 ടവർ ഫൗണ്ടേഷനുകളിൽ 11 എണ്ണം പൂർത്തിയായിട്ടുണ്ട്. ടവർ നിർമ്മാണം, ലൈൻ വലിക്കൽ എന്നിവ ആരംഭിക്കാനായിട്ടില്ല.<br>കോട്ടയം ജില്ലയിൽ ആകെയുള്ള 89 ടവർ ഫൗണ്ടേഷനുകളിൽ 15 എണ്ണം പൂർത്തിയായിട്ടുണ്ട്. 2 ടവറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ലൈൻ വലിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) സംസ്ഥാനത്തിന്റെ അനാസ്ഥ അർഹതപ്പെട്ട വൈദ്യുതി വിഹിതം നഷ്ടപ്പെടുന്നതിന് ഇടയാക്കുമോ; | (ഡി) കൂടംകുളം വൈദ്യുത നിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വിഹിതം നിലവിലുള്ള തിരുനെൽവേലി-മധുര-ഉദുമൽപേട്ട്- പാലക്കാട്- മാടക്കത്തറ ലൈൻ വഴി കൊണ്ടുവരാൻ സാധിക്കുന്നതാണ്. പക്ഷേ, ഈ ശൃംഖല ഉപയോഗിക്കുമ്പോൾ പ്രസരണ നഷ്ടം താരതമ്യേന കൂടുതലായിരിക്കുമെന്നതിനാൽ നിർദ്ദിഷ്ട തിരുനെൽവേലി-ഇടമൺ- കൊച്ചി-മാടക്കത്തറ റൂട്ടിൽ തന്നെ ലൈൻ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. റൈറ്റ് ഓഫ് വേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതവും |

നിരന്തരവുമായ നടപടി സർക്കാർ സ്വീകരിച്ചു വരികയുമാണ്.

| | | | |
|---|---|---|---|
| (ഇ) | പ്രസരണ ലൈൻ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കൂടംകുളത്തു നിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ ഇടമൺ-കൊച്ചി ഈസ്റ്റ് (പള്ളിക്കര) വഴി മാടക്കത്തറ വരെ 400 കെ. വി. ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുവാനും പള്ളിക്കരയിൽ ഒരു 400 കെ. വി സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും, കൊച്ചിൻ ഈസ്റ്റ് (പള്ളിക്കര) മുതൽ മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിൻ ഈസ്റ്റിൽ (പള്ളിക്കര) ഒരു 400 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചിൻ ഈസ്റ്റ് വരെയുള്ള ലൈൻ നിർമ്മാണം, ലൈൻ റൂട്ടിലുള്ള കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത തർക്കങ്ങൾ പരിഹരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ തുടർ നടപടികളുടെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23-04-2013-ൽ പവർഗ്രിഡ് ഉദ്യോഗസ്ഥർ, കെ. എസ്. ഇ. ബിയിലേയും ഊർജ്ജ വകുപ്പിലേയും ഉദ്യോഗസ്ഥരുമായി മീറ്റിംഗ് നടത്തുകയും, അതനുസരിച്ച് സർക്കാർ തലത്തിൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്. ടി പ്രശ്നം പരിഹരിക്കപ്പെട്ടാലുടൻ പ്രസരണ ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കാവുന്നതും സമയബന്ധിതമായി പൂർത്തിയാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.